# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1239

30.01.2018 ൽ മറുപടിക്ക്

**<u>കൊട്ടുവള്ളി ആർ.ഒ.ബി. യുടെ പ്രവൃത്തി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ. ഷംസീർ | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ കൊട്ടുവള്ളി ആർ.ഒ.ബി. യുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 2016-17 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ കൊട്ടുവള്ളി ആർ.ഒ.ബി. യുടെ നിർമ്മാണ പദ്ധതി കിഫ്ബി അംഗീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെഗോഷിയേറ്റഡ് പർച്ചേയ്സ് മുഖാന്തിരം ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് മീറ്റിംഗുകൾ കണ്ണൂർ ജില്ലാകളക്ടർ നടത്തിയിട്ടുണ്ട്. ഭൂരിഭാഗം ഉടമകളും ഡി.എൽ. എഫ്.സി. നിശ്ചയിച്ച വില അംഗീകരിച്ചിട്ടുണ്ട്. ഡി.എൽ.എഫ്.സി. നിശ്ചയിച്ച വില അംഗീകരിക്കുന്നതിനും, വില അംഗീകരിക്കാത്ത ഉടമകളുടെ ഭൂമി എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുവാദം നൽകുന്നതിനും വേണ്ടിയുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | കൊട്ടുവള്ളി ആർ.ഒ.ബി. യുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കൊട്ടുവള്ളി ആർ.ഒ.ബി.യ്ക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ